# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*65** **10.06.2019 ൽ - മറുപടിയ്ക്ക്**

# അന്ധവിശ്വാസ ഉന്മൂലന നിയമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. മുകേഷ്<br>ശ്രീ. പുരുഷൻ കടലുണ്ടി<br>പ്രൊഫ. കെ.യു. അരുണൻ<br>ശ്രീ. പി. ഉണ്ണി : | **ശ്രീ.എ.കെ.ബാലൻ<br>പട്ടികജാതി പട്ടികവർഗ്ഗ<br>പിന്നോക്കസമുദായക്ഷേമവും<br>നിയമവും സാംസ്കാരികവും<br>പാർലമെന്ററികാര്യവും വകുപ്പ മന്ത്രി** |
| എ) സംസ്ഥാനത്ത് പിന്തിരിപ്പൻ ശക്തികൾ കരുത്താർജ്ജിക്കുന്നതിന്റെ ഫലമായി മന്ത്രവാദ ചികിത്സകൾ വ്യാപിക്കുകയും അത് സ്ത്രീകളെയും കുട്ടികളെയും പട്ടിണിക്കിട്ട് കൊലപ്പെടുത്തുന്നതിനും ആത്മഹത്യയിലേക്ക് നയിക്കുന്നതിനും ഇടവരുത്തുകയും ചെയ്യുന്ന സാഹചര്യത്തിൽ അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും ഇല്ലാതാക്കാൻ സാംസ്കാരിക വകുപ്പ് ഫലപ്രദമായ പരിപാടികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | എ) കേരള മോഡൽ വികസനം എന്ന കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസം, പൊതുജനാരോഗ്യം, പൊതുവിതരണം, പൊതുമേഖലാ വ്യവസായം എന്നീ തുറകളിലെല്ലാം വലിയ മുന്നേറ്റം ഉണ്ടായതിന്റെ ഫലമായിട്ടാണ് ഇന്ന് കാണുന്ന കേരളം സൃഷ്ടിക്കപ്പെട്ടത്. മുൻകാലങ്ങളിൽ 'മന്ത്രവാദ ചികിത്സകളും വ്യാജ ചികിത്സാ പദ്ധതികളും ഇനിയും തെളിയിക്കപ്പെടാത്ത ഒറ്റമൂലികളുടെയും മറ്റും പ്രചരണവും ചികിത്സാരംഗത്ത് സ്വാധീനം ചെലുത്തിയിരുന്നു. ദരിദ്രരും നിരക്ഷരരുമായ ജനവിഭാഗങ്ങൾക്കിടയിലാണ് ഇത് വ്യാപകമായിരുന്നത്. ഇതിന് കൂടുതൽ ഇരയാകുന്നത് സ്ത്രീകളും കുഞ്ഞുങ്ങളുമാണ്. എന്നാൽ കേരളീയ സമൂഹത്തിന്റെ വിദ്യാഭ്യാസ ഉന്നതിയും പുരോഗമന ആഭിമുഖ്യവും ഈ അനാചാരങ്ങളെ നല്ല രീതിയിൽ ചെറുത്ത് പരാജയപ്പെടുത്തിയിരുന്നു. പക്ഷെ അന്ധവിശ്വാസ ജഡിലവും യുക്തി രഹിതവുമായ പ്രവണതകൾ സമൂഹത്തിൽ വീണ്ടും ഉയർന്നു വരുന്ന ഇന്നത്തെ സാഹചര്യത്തിൽ അതിനെതിരെയുള്ള പ്രചരണ പരിപാടികൾ ഏറ്റെടുത്ത് ബോധവൽക്കരണം നടത്തുന്നതിന് സാംസ്കാരിക വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. യുക്തിചിന്തയും ശാസ്ത്രീയ അവബോധവും വർദ്ധിപ്പിക്കാനാവശ്യമായ പ്രചാരണ നടപടികൾ ഊർജ്ജിതപ്പെടുത്തലാണ് ഇതിനുള്ള പരിഹാരം. സാംസ്കാരിക |

സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന പരിപാടികൾക്ക് പുറമെ വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതിയിൻ കീഴിൽ സംസ്ഥാനത്തെമ്പാടുമുള്ള 1000 കലാപരിശീലന കേന്ദ്രങ്ങളിൽ വിന്യസിച്ചിട്ടുള്ള 1000 കലാകാരന്മാരുടെ സേവനം അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഉൾപ്പെടെയുള്ള സാമൂഹിക തിന്മകളെ അകറ്റി നിർത്തുന്നതിനായി ബോധവൽക്കരണ പ്രചാരണ പരിപാടികൾ ഏറ്റെടുക്കുന്നതിന് ഉപയോഗിക്കാം.

ബി) കേന്ദ്ര ഭരണത്തിന് നേതൃത്വം നൽകുന്നവർ പോലും ശാസ്ത്ര സത്യങ്ങളെ വക്രീകരിക്കുന്നത് അന്ധവിശ്വാസ പ്രോത്സാഹ ജനകമായിട്ടുള്ളതുകൊണ്ട് യുക്തിചിന്തയെ പരിപോഷിപ്പിക്കാനുതകുന്ന പരിപാടികൾ സംഘടിപ്പിക്കാൻ കഴിയുമോ;

ബി) ജനങ്ങളുടെ വിശ്വാസങ്ങളെയും ആചാരാനുഷ്ഠാനങ്ങളെയും മുതലെടുത്ത് ശാസ്ത്രീയ അടിത്തറയില്ലാത്ത പലകാര്യങ്ങളും ബോധപൂർവ്വം പ്രചരിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. യുക്തിചിന്തയെ പരിപോഷിപ്പിക്കാനും ശാസ്ത്രബോധം വളർത്താനുമുള്ള ക്യാംപെയ്നുകൾ സംഘടിപ്പിക്കേണ്ടതായിട്ടുണ്ട്. ഇത്തരം ക്യാംപെയ്നുകൾ സ്കൂൾ തലം മുതൽ ഏറ്റെടുക്കേണ്ടതാണ്.

സി) രോഗബാധിതരെ ശാസ്ത്രീയ മുറപ്രകാരം ചികിത്സക്ക് വിധേയരാക്കാതെ മാന്ത്രിക ഏലസുകളും ആഭിചാരക്രിയകളും രോഗശാന്തി ശുശ്രൂഷകളും ഉപയോഗിച്ച് രോഗം ഭേദപ്പെടുത്താൻ ശ്രമിക്കുന്ന തലത്തിലേക്ക് പൊതു യുക്തിബോധം അധഃപതിച്ചതിനാൽ മഹാരാഷ്ട്ര മാതൃകയിൽ അന്ധവിശ്വാസ ഉന്മൂലന നിയമം രൂപീകരിക്കാൻ നടപടിയെടുക്കുമോ?

സി) ആഭിചാരക്രിയ. രോഗശാന്തി ശുശ്രൂഷകൾ തുടങ്ങിയ അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളേയും സമൂഹത്തിൽ നിന്ന് ഉന്മൂലനം ചെയ്യുന്നതിന് ശക്തമായ ബോധവൽക്കരണം അനിവാര്യമാണ്. അന്ധവിശ്വാസങ്ങളും, അനാചാരങ്ങളും മുഖാന്തിരം ഉണ്ടാകുന്ന കുറ്റകൃത്യങ്ങൾ ഫലപ്രദമായി തടയുന്നതിനാവശ്യമായ നിയമനിർമ്മാണം നടത്തുന്നതുമായി ബന്ധപ്പെട്ട് ആഭ്യന്തരവകുപ്പിന്റെ നിർദ്ദേശം ഇപ്പോൾ നിയമപരിഷ്കരണ കമ്മീഷന്റെ പരിഗണനയിലാണ്.

**സെക്ഷൻ ഓഫീസർ**